## 2011-ലെ 9-ാം ആക്ട്

## 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ആക്ട് *

പൊതുജനങ്ങൾക്ക് തടസ്സങ്ങളില്ലാതെയുള്ള സഞ്ചാരത്തിനായി
പൊതു പാതകൾ സംരക്ഷിക്കുന്നതിനും പൊതുജനങ്ങളിൽ
ഏതെങ്കിലും വിഭാഗത്തിന് പൊതു പാതകളിൽ സംഘം
ചേരുന്നതിനും അതിൽക്കൂടി സംഘംചേർന്ന് സഞ്ചരി
ക്കുന്നതിനും ഉള്ള അവകാശങ്ങളിൽ ന്യായമായ
നിയന്ത്രണങ്ങൾ എർപ്പെടുത്തുന്നതിനും
പൊതുപാതകളിലൂടെയുള്ള ജാഥകൾ
നിയന്ത്രിക്കുന്നതിനും അതുമായി
ബന്ധപ്പെട്ടതോ അതിന് ആനു
ഷംഗികമായതോ ആയ
കാര്യങ്ങൾക്കും വേണ്ടി
വ്യവസ്ഥചെയ്യുന്നതി
നുള്ള

ഒരു

ആക്ട്

<u>പീഠിക</u>.—പൊതു ജനങ്ങൾക്കു തടസ്സങ്ങളില്ലാതെയുള്ള സഞ്ചാരത്തിനായി പൊതുപാതകൾ സംരക്ഷിക്കുന്നതിന് വ്യവസ്ഥചെയ്യേണ്ടത് യുക്തമായിരിക്കുകയാലും;

* 2011 ഫെബ്രുവരി 18-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2011 ജൂൺ 27-ാം തീയതിയിലെ 1256-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

പൊതുജനങ്ങളിൽ ഏതെങ്കിലും വിഭാഗത്തിന് പൊതു പാതകളിൽ സംഘം ചേരുന്നതിനോ സംഘം ചേർന്ന് സഞ്ചരിക്കുന്നതിനോ ഉള്ള അവകാശങ്ങൾക്ക് ന്യായമായ നിയന്ത്രണം ഏർപ്പെടുത്തേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;

പൊതുനിരത്തുകളിലെ ജാഥകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനമൊട്ടാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വാഹന പാത" എന്നാൽ വാഹനങ്ങളുടെയോ ചരക്ക് കൊണ്ടുപോകുന്ന ഏതെങ്കിലും തരത്തിലുള്ള വാഹനങ്ങളുടെയോ സഞ്ചാരത്തിന് ഉദ്ദേശിച്ചുകൊണ്ടുള്ള പൊതുപാതയുടെ ഭാഗം എന്നർത്ഥമാകുന്നു;

(ബി) "നടപ്പാത" എന്നാൽ ഒരു പൊതു പാതയിൽ, വാഹനങ്ങളുടെ സഞ്ചാരത്തിന് മതിയായ സ്ഥലം നീക്കി വെച്ചതിനുശേഷം, കാൽനടക്കാരുടെ സഞ്ചാരത്തിന് പ്രത്യേകമായി നീക്കി വെച്ചിട്ടുള്ളതും പൊതുപാതയുടെ ഇരുവശങ്ങളിലുമായി, ഒരു മീറ്ററിൽ കുറയാത്തതും എന്നാൽ മൂന്ന് മീറ്ററിൽ കവിയാത്തതുമായ വീതിയുള്ളതും പൊതു പാതയിലുൾപ്പെട്ടതുമായ ഏതൊരു സ്ഥലവും എന്നർത്ഥമാകുന്നു;

(സി) "ലൈസൻസ്" എന്നാൽ 5–ാം വകുപ്പ് പ്രകാരം നൽകുന്ന ഒരു ലൈസൻസ് എന്നർത്ഥമാകുന്നു;

(ഡി) “പൊതുപാത” എന്നതിൽ പൊതുജനങ്ങൾക്ക് പ്രവേശനമുള്ളതും സ്വകാര്യ വ്യക്തിയുടെതല്ലാത്തതുമായ ഹൈവേ, പാലം, നടവരമ്പ്, റോഡ്, ഇടവഴി, നടപ്പാത, നാൽക്കവല, മുറ്റം, ഉദ്യാനവഴി, തോട്, പ്രവേശനമാർഗ്ഗം എന്നിവ ഉൾപ്പെടുന്നതാകുന്നു; .
a

(ഇ) “റോഡ് മാർജിൻ“ എന്നാൽ നടപ്പാതയുടെ ഓരോ വശത്തുനിന്നും പുറത്തേക്ക് പൊതുപാതയുടെ പുറത്തെ അറ്റത്തേയ്ക്ക് നീണ്ടുകിടക്കുന്ന പൊതുപാതയുടെ ഭാഗം എന്നർത്ഥമാകുന്നു. .

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1860–ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലോ (1860 ലെ 45–ാം കേന്ദ്ര ആക്റ്റ്) 1973–ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ (1974–ലെ 2–ാം കേന്ദ്ര ആക്റ്റ്) 1988–ലെ മോട്ടോർ വാഹന ആക്ടിലോ (1988–ലെ 59–ാം കേന്ദ്ര ആക്റ്റ്) 2011–ലെ കേരള പോലീസ് ആക്റ്റിലോ (2011–ലെ 8) നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം അവയിൽ പറഞ്ഞിരിക്കുന്ന അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. <u>പൊതുപാതകളിൽ സഞ്ചരിക്കുന്നതിന് പൊതുജനങ്ങൾക്കുള്ള അവകാശങ്ങൾ.</u>—പൊതുജനങ്ങൾക്ക്, ട്രാഫിക് നിയന്ത്രണവും പൊതുജനങ്ങളുടെ സുരക്ഷിതത്വവും സംബന്ധിക്കുന്ന നിയമങ്ങൾക്ക് വിധേയമായി, എല്ലാ പൊതുപാതകളിലും വാഹനങ്ങളിലൂടെ വാഹന പാതകളിലും കാൽനടയായി നടപ്പാത കളിലും തടസ്സങ്ങൾ ഇല്ലാതെ സഞ്ചരിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

4. <u>പൊതുപാതകൾ തടസ്സപ്പെടുത്തുന്നതിനുള്ള വിലക്ക്.</u>— യാതൊരാളും ഏതെങ്കിലും പൊതുപാതയിലോ അതിന്റെ ഭാഗത്തോ, ഏതെങ്കിലും വ്യാപാരമോ യോഗമോ സംഘം ചേരലോ ജാഥയോ പ്രകടനമോ നടത്തി, ഒരു തടസ്സവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) വാഹന പാതയുടെ ഏതെങ്കിലും ഭാഗത്തിനോ നടപ്പാതയ്ക്കോ തടസ്സം ഉണ്ടാക്കുന്ന വിധത്തിൽ യാതൊരു യോഗമോ സംഘം ചേരലോ നടത്തുവാൻ പാടുള്ളതല്ല. .

(3) വാഹന പാത സമ്പൂർണ്ണമായും അല്ലെങ്കിൽ സുഗമമായ ഗതാഗതം പൂർണ്ണമായും തടസ്സപ്പെടുത്തുന്ന തരത്തിൽ യാതൊരു പ്രകടനമോ ജാഥയോ നടത്തുവാൻ പാടുള്ളതല്ല.

5. <u>ഉത്സവങ്ങൾ സംഘം ചേരൽ യോഗങ്ങൾ എന്നിവ നടത്തുന്നത് നിയന്ത്രിക്കണമെന്ന്.</u>—(1) 3-ഉം 4-ഉം വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ജില്ലാ പോലീസ് മേധാവിക്ക്, ഏതെങ്കിലുമൊരു പ്രത്യേക പ്രദേശത്ത്, പൊതു പാതകളിലൂടെ തടസ്സങ്ങളില്ലാതെ സഞ്ചരിക്കുന്നതിന് പൊതുജനങ്ങൾക്കുള്ള അവകാശത്തിന്മേൽ ഇരുപത്തിനാലു മണിക്കൂറിൽ കവിയാത്ത കാലയളവിലേക്ക്, ന്യായമായ നിയന്ത്രണങ്ങൾ, ഇനിപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ സന്ദർഭങ്ങളിൽ, ഏർപ്പെടുത്താവുന്നതാണ്, അതായത്:—

(എ) ആചാരപരമായതും പരമ്പരാഗതമായി അംഗീകരിക്കപ്പെട്ടതും ആയ മതപരമായതോ ദേശീയമായതോ ആയ ഉത്സവങ്ങളുടെ നടത്തിപ്പിനും സാമൂഹ്യപര മായതോ സാംസ്കാരികപരമായതോ പൊതുപ്രാധാന്യമുള്ളതോ ആണെന്ന് ജില്ലാ മജിസ്ട്രേറ്റ് പ്രഖ്യാപിച്ചിട്ടുള്ള അങ്ങനെയുള്ള ഉത്സവങ്ങളുടെ നടത്തിപ്പിൽ;

(ബി ജില്ലാ പോലീസ് മേധാവിക്ക്, അപ്രകാരമുള്ള നിയന്ത്രണങ്ങൾ ആവശ്യമാണെന്ന് അഭിപ്രായമുള്ള പക്ഷം, സംസ്ഥാനത്തിന്റെയോ വ്യക്തികളുടെയോ സുരക്ഷയ്ക്ക് ;

(സി) സംഘംചേരലും പൊതുയോഗങ്ങളും നടത്തുന്നതിൽ; കൂടാതെ

(ഡി) പൊതു പ്രകടനങ്ങളും ജാഥകളും നടത്തുന്നതിൽ.

(2) ഒരു ഉത്സവം പരമ്പരാഗതമായതാണോ ആചാരപരമായതാണോ എന്നുള്ള തർക്കം ഉണ്ടാകുന്ന പക്ഷം അങ്ങനെയുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ അധികാരമുള്ള അധികാരസ്ഥന് ഓരോ സംഗതിയിലേയും വസ്തുതകൾക്കും

സാഹചര്യങ്ങൾക്കും അർഹമായ പരിഗണന നൽകിക്കൊണ്ട് ആ സംഗതിയിൽ ഒരു തീരുമാനമെടുക്കാവുന്നതാണ് .

(3) (1)–ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുളള ഏതെങ്കിലും ഒരു ആവശ്യത്തിനായി ഏതെങ്കിലും ആളിനോ സമാജത്തിനോ സംഘടനയ്ക്കോ ട്രസ്റ്റിനോ നികായത്തിനോ പൊതു പാതയുടെ ഏതെങ്കിലും ഒരു ഭാഗം ഉപയോഗിക്കേണ്ടതായി വരുമ്പോൾ അങ്ങനെ ഉപയോഗിക്കുന്നതിനുള്ള ഒരു ലൈസൻസിനായി ഏറ്റവും കുറഞ്ഞത് എഴ്, ദിവസങ്ങൾക്കു മുമ്പെങ്കിലും ജില്ലാ പോലീസ് മേധാവിക്ക് അപേക്ഷ നൽകേണ്ടതും ജില്ലാ പോലീസ് മേധാവി ആവശ്യപ്പെടുന്ന അങ്ങനെയുള്ള വിശദ വിവരങ്ങൾ സമർപ്പിക്കേണ്ടതും പൊതുവായതോ പ്രത്യേകമായതോ ആയ ഒരു ഉത്തരവ് വഴി സർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കേണ്ടതുമാണ്.

എന്നാൽ (1)–ാം ഉപവകുപ്പിലെ (എ) യും (ബി) യും ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന സംഗതികൾക്ക് യാതൊരു ഫീസും ചുമത്താൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല മതിയായതും വാസ്തവവുമായ കാരണങ്ങളിൽ ജില്ലാ പോലീസ് മേധാവിക്ക് (3)–ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ട് അപേക്ഷകൾ സ്വീകരിക്കാവുന്നതാണ്.

(4) (എ) (3)–ാം ഉപവകുപ്പപ്രകാരം ഒരു അപേക്ഷ ലഭിക്കുമ്പോൾ ജില്ലാ പോലീസ് മേധാവി, അത് യഥാവിധി പരിഗണിച്ചതിനുശേഷം., ഏതെങ്കിലും പ്രദേശത്തിലോ സ്ഥലത്തിലോ തടസ്സങ്ങളില്ലാതെ സഞ്ചരിക്കുന്നതിന് പൊതുജനങ്ങൾക്കുള്ള അവകാശത്തിൽ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളുടെ സ്വഭാവം, കാലയളവ്, മറ്റ് വിശദവിവരങ്ങൾ എന്നിവ സംബന്ധിച്ചുള്ള ഒരു നോട്ടീസ് പ്രസിദ്ധികരിക്കേണ്ടതാണ്;

(ബി) ഖണ്ഡം (എ) പ്രകാരമുള്ള എല്ലാ നോട്ടീസുകളിലും തടസ്സം ഏർപ്പെടുത്തുന്ന കാലയളവിൽ പൊതുജനങ്ങൾക്ക് പകരം ഉപയോഗിക്കാവുന്ന വഴികളോ ലഭ്യമായിട്ടുള്ള സൗകര്യങ്ങളോ വിനിർദ്ദേശിക്കേണ്ടതും സംഗതിയുടെ പൊതു പ്രാധാന്യത്തിന് അർഹമായ പരിഗണന നൽകിക്കൊണ്ടും പൊതു സമാധാനം 3 നിലനിർത്തുന്നതിനും അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനും പൊതുജനങ്ങളുടെ

ബുദ്ധിമുട്ട ലഘൂകരിക്കുന്നതിനും വേണ്ടി, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന അങ്ങനെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായും ജില്ലാ പോലീസ് മേധാവി തീരുമാനിക്കുന്ന വിധത്തിൽ, സൗജന്യമായോ ലൈസൻസിയുടെ ഭാഗികമോ പൂർണ്ണമോ ആയ ചെലവിൻമേലോ ആ പ്രദേശത്ത് പോലീസ് സേനയെ വിന്യസിക്കേണ്ടത് അദ്ദേഹത്തിന്റെ കർത്തവ്യം ആയിരിക്കുന്നതുമാണ്;

(സി) പൊതുപാത ഉപയോഗിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ള ആളിനോ സമാജത്തിനോ സംഘടനയ്ക്കോ ട്രസ്റ്റിനോ നികായത്തിനോ ജില്ലാ പോലീസ് മേധാവി അദ്ദേഹത്തിന് ന്യായമെന്നും യുക്തമെന്നും തോന്നുന്ന അപ്രകാരമുള്ള നിയന്ത്രണങ്ങൾ എർപ്പെടുത്തിക്കൊണ്ട്, ലൈസൻസ് നൽകേണ്ടതാണ്;

(5) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു പൊതു പാതയുടെ സുരക്ഷിതത്വത്തിനും പരിപാലനത്തിനും അധികാരപ്പെടുത്തപ്പെട്ട വകുപ്പിലെ സമുചിത അധികാരസ്ഥാനം രേഖാമൂലം അനുമതി നൽകാതെ ഏതൊരു പൊതുപാതയിലും സ്ഥിരമായതോ താത്കാലികമായതോ ആയ ഏതെങ്കിലും എടുപ്പുകൾ കെട്ടിപ്പൊക്കുന്നത് ജില്ലാ പോലീസ് മേധാവി, അനുവദിക്കുവാൻ പാടുള്ളതല്ല.

(6) ഈ ആക്റ്റ് പ്രകാരം ചുമത്തപ്പെടുന്ന ഫീസ്, പോലീസ് സേനയുടെ വിന്യാസത്തിന് വേണ്ടിവരുന്ന ചെലവ് കിഴിച്ച് എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ ആയത് 2011-ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) 127-ാം വകുപ്പ് പ്രകാരം പരിപാലിച്ചു പോരുന്ന ക്രിമിനൽ ജസ്റ്റീസ് മിസലേനിയസ് എക്സ്പെൻസസ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

(7) ഈ വകുപ്പിലുള്ള യാതൊന്നുംതന്നെ പൊതുജനങ്ങളുടെ സുരക്ഷ, സൗകര്യം അല്ലെങ്കിൽ സുരക്ഷിതത്വം എന്നിവ പരിഗണിച്ച് അങ്ങനെയുള്ള പ്രവർത്തനം അനുവദിക്കേണ്ടതില്ലെന്ന് ബോദ്ധ്യമാകുന്നിടത്ത് ഏതെങ്കിലും പ്രകടനമോ ജാഥയോ സംഘംചേരലോ യോഗമോ ആഘോഷം നടത്തലോ അനുവദിക്കുന്നതിന് ജില്ലാ പോലീസ് മേധാവിയെ നിർബന്ധിക്കപ്പെടുന്നതായി കരുതുവാൻ പാടുള്ളതല്ല.

(8) (1)-ാം ഉപവകുപ്പ് പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളുടെ കാലാവധി ജില്ലാ പോലീസ് മേധാവിക്ക്, ജില്ലാ മജിസ്ട്രേറ്റിന്റെ അനുവാദത്തോടെ

പതിനഞ്ച് ദിവസത്തിൽ കൂടാതെയുള്ള ഒരു കാലയളവിലേക്കും സർക്കാരിന്റെ അനുവാദത്തോടെ പതിനഞ്ച് ദിവസത്തിൽ കൂടിയ ഒരു കാലയളവിലേക്കും ദീർഘിപ്പിച്ചു നൽകാവുന്നതാണ്.

6. കുറ്റങ്ങൾക്കുള്ള ശിക്ഷ.— (1) ഈ ആക്റ്റ് പ്രകാരം നൽകിയ ഒരു ലൈസൻസിൽ അനുവദിച്ചിട്ടുള്ളതല്ലാതെ പൊതുപാതയിൽ എന്തെങ്കിലും തടസ്സം സൃഷ്ടിക്കുന്ന ഏതൊരാളും അല്ലെങ്കിൽ അങ്ങനെയുള്ള പ്രവർത്തിക്ക് പ്രേരിപ്പിക്കുകയോ ഉൾപ്പെടുകയോ ചെയ്യുന്ന ഏതൊരാളും അല്ലെങ്കിൽ ലൈസൻസിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് എതെങ്കിലും പ്രവൃത്തിനടത്തുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിൻമേൽ ഒരു വർഷംവരെയാകാവുന്ന തടവോ അപ്രകാരമുള്ള തടസ്സം കൊണ്ടുണ്ടായ നഷ്ടത്തിന് അല്ലെങ്കിൽ അസൗകര്യങ്ങൾക്ക് ആനുപാതികമായ തുക പിഴയായോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരമുള്ള എല്ലാ കുറ്റങ്ങളും കോഗ്നൈസബിളും ജാമ്യം അനുവദിക്കാവുന്നതുമാണ്. .

(3) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം, പ്രസ്തുത കുറ്റം വിചാരണചെയ്യുന്നതിന് അധികാരിതയുള്ള ഒരു ജുഡീഷ്യൽ മജിസ്ട്രേറ്റിന് രാജിയാക്കാവുന്നതാണ്.

7. ഒഴിവാക്കൽ.—ഈ ആക്റ്റിലുള്ള യാതൊന്നും തന്നെ ഒരു വിലാപയാത്രയ്ക്കോ പൊതുജനങ്ങളോ അവരിലെ ഏതെങ്കിലും ഒരു അംഗമോ സംഘമോ പ്രകൃത്യാലുള്ളതോ മനുഷ്യസൃഷ്ടിയായതോ ആയ ഏതെങ്കിലും അനിഷ്ട സംഭവത്തെയോ ദുരന്തത്തെയോ അപകടത്തെയോ തുടർന്ന് ഉണ്ടാകുന്ന ആപത്തിനെ തടയുന്നതിനായി ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തിക്കോ ബാധകമാകുന്നതല്ല.

8. അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കൽ.— ജില്ലാ പോലീസ് മേധാവിക്ക്, സർക്കാരിന്റെ അംഗീകാരത്തോടുകൂടി, ഈ ആക്റ്റ് പ്രകാരം അദ്ദേഹത്തിനുള്ള ഏതൊരു അധികാരവും അദ്ദേഹത്തിന്റെ അധികാരപരിധിയിലുള്ള സബ്-ഡിവിഷണൽ പോലീസ് ആഫീസർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

9. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ അക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി, ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാവാതെ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി അങ്ങനെയുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) നിർണ്ണയിക്കപ്പെടുന്നതിന് ആക്റ്റിനാൽ ആവശ്യപ്പെടുകയോ അനുവദിക്കപ്പെടുകയോ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങൾക്കും; കൂടാതെ

(ബി) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് എല്ലാ കാര്യങ്ങൾക്കും.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, നിയമസഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

10. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.— ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം

ഉണ്ടാകുന്നപക്ഷം, സംസ്ഥാന സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമാണെന്ന് കരുതുന്നതുമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതൊരു ഉത്തരവും അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം കഴിയുന്നത്ര വേഗത്തിൽ, നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

ശരിത്തർജ്ജമ

എസ്. കുമാരിസുധ,

നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി